**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി ഡി.പി.ആർ. തയാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആണ് പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി റവന്യൂ ടവർ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അറിയിക്കാമോ? | (സി) | റവന്യൂ ടവർ നിർമ്മാണം നിലവിൽ സർക്കാരിന്റെ മുൻ ഗണനാപട്ടികയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത പദ്ധതി തൽക്കാലത്തേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

46095(2)/2021/FAIR COPY HO KSHB

1098
12/08

File No.REV-F2/188/2021-REV

CE

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോട്ടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തി - മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം - വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.2582/2021/റവ. തീയതി,തിരുവനന്തപുരം, 09/08/2021

---

പരാമർശം:-

1. 31.08.2018 തീയതിയിലെ സ.ഉ (സാധാ) നം. 3570/2018/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 29.09.2018-തീയതിയിലെ സ.ഉ (സാധാ) നം. 4010/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 04.01.2021-ലെ കെ.എസ്.എച്ച്.ബി-എച്ച്6/163/2019-പി3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോട്ടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി.

2] 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുള്ള പദ്ധതി അടങ്കലിന് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

3] പ്രസ്തുത പദ്ധതിയിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം എന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ വില്ലേജിലെ. റീ സർവ്വേ നമ്പർ 85/6-ൽ പ്പെട്ട 50.33 സെന്റ് സർക്കാർ ഭൂമിയിൽ 4 നിലകളായി 3556.74 ച.കി വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്ന റവന്യൂ ടവർ കെട്ടിടത്തിന്റെ 14.125 കോടി രൂപയുടെ പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖ ഭരണാനുമതിയ്ക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിച്ച, മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 85/6-ൽ പ്പെട്ട 50.33 സെന്റ് സർക്കാർ ഭൂമിയിൽ 4 നിലകളായി 3556.74 ച.കീ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്ന റവന്യൂ ടവർ കെട്ടിടത്തിന്റെ 14.125 കോടി രൂപയുടെ പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Anilkumar K
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

File No.REV-F2/398/2018-REV

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് – 2016–17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതി അടങ്കലിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.4010/2018/റവ. തീയതി,തിരുവനന്തപുരം, 29/09/2018

---

പരാമർശം:- 1 24.02.2018 തീയതിയിലെ സ.ഉ (എംഎസ്) നം. 69/2018/ധന നമ്പർ സർക്കാർ ഉത്തരവ്.

2 31.08.2018 തീയതിയിലെ സ.ഉ (സാധാ) നം. 3570/2018/റവ നമ്പർ സർക്കാർ ഉത്തരവ്.

3 26.09.2018 തീയതിയിലെ സ.ഉ (സാധാ) നം. 3967/2018/റവ നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

2016–17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

2] . കൂടാതെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2016–17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്ന സബ് പ്രൊജക്റ്റിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിലെ മിനി സിവിൽ സ്റ്റേഷൻ പദ്ധതി, കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ബലാൽ വില്ലേജിലെ സർവ്വെ നം 112/1A– ൽ പ്പെട്ട 134 സെന്റ് സർക്കാർ ഭൂമിയിൽ, 4 നിലകളിലായി 3615.78 ച . മീ വിസ്തീർണ്ണമുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും 2 നിലകളുള്ള ക്യാന്റീൻ കെട്ടിടവും കിഫ്ബി ധനസഹായത്തോടെ 11.79 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ടിനും പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

3] പരാമർശം (1)–ലെ സർക്കാർ ഉത്തരവിൽ കിഫ്ബി – യുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തങ്ങൾക്കാവശ്യമായ പദ്ധതി അടങ്കലിന് മൊത്തമായും ഭരണാനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

File No.REV-F2/398/2018-REV

4) മേൽ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുള്ള പദ്ധതി അടങ്കലിന് ഇതിനാൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷൻ. എം
അഡീഷണല് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.

ചെയർമാൻ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവരപൊതജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ